**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4229** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1) ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) അനുസരിച്ചുള്ള അന്തർദേശീയ ഗുണമേന്മ ഉറപ്പ് തരുന്ന പുതിയ 48 വിഷയങ്ങൾ ഉൾപ്പെടുന്ന വൊക്കേഷണൽ പാഠ്യപദ്ധതി. 2) അതത് തൊഴിൽ മേഖലകളിലെ വിദഗ്ദ്ധരും തൊഴിലാളികളുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം. 3) കോവിഡ്-19 ലോക്ക് ഡൗൺ സാഹര്യത്തിൽ വെർച്ചൽ ഫീൽഡ് വിസിറ്റുകൾ. 4) എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധിത ഓൺ ദ ജോബ് ട്രെയിനിംഗ്. 5) എല്ലാ സ്കൂളുകളിലും പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ (PTC). 6) ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വേണ്ടി അതതു സ്കിൽ സെക്ടർ കൗൺസിലുകൾ നിയോഗിക്കുന്ന ബാഹ്യ ഏജൻസികൾ വിദ്യാർത്ഥികളുടെ സ്കിൽ അസെസ്സ്മെന്റുകൾ നടത്തിയ ശേഷമാണ് സ്കിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ